**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 625** **06-12-2022 - ൽ മറുപടിയ്ക്ക്**

**വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയം വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറിയിൽ സി.എൽ.ആർ വിഭാഗം ജീവനക്കാർക്ക് വിരമിച്ചപ്പോൾ ലഭിക്കേണ്ട ആനുകൂല്യങ്ങൾ കിൻഫ്രയിൽ നിന്നും ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നുണ്ടോ; എങ്കിൽ ആയത് എന്നേക്ക് കൊടുത്തു തീർക്കാനാണ് ഉദ്ദേശിക്കുന്നത് ; ഇത്തരത്തിലുള്ള എത്ര തൊഴിലാളികളുടെ വിരമിക്കൽ ആനുകൂല്യങ്ങളാണ് പിടിച്ച് വച്ചിരിക്കുന്നത് എന്ന് വിശദമാക്കുമോ ; | (എ) | ഇല്ല.<br><br>കേരള സർക്കാരിനു വേണ്ടി കിൻഫ്ര സമർപ്പിച്ച റെസൊല്യൂഷൻ പ്ലാൻ ബഹുമാനപ്പെട്ട നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ കൊച്ചി ബെഞ്ച് 29.01.2021-ാം തീയതി പുറപ്പെടുവിച്ച ഉത്തരവ് പ്രകാരം അംഗീകരിക്കുകയും, പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാരിന്റെ ഘനവ്യവസായ വകുപ്പിന് കിഴിലുള്ള കേന്ദ്ര പൊതു മേഖലാ സ്ഥാപനമായിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിനെ കേരള സർക്കാർ കിൻഫ്ര മുഖേന ഏറെറടുക്കുകയും ചെയ്തു. ബഹുമാനപ്പെട്ട കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിലുള്ള റെസൊല്യൂഷൻ തുക പൂർണ്ണമായും അടച്ചാണ് കിൻഫ്ര കേരള ഗവൺമെന്റിനു വേണ്ടി കമ്പനി ഏറ്റെടുത്തത്. പ്രസ്തുത കോടതി ഉത്തരവിലെ നിർദ്ദേശങ്ങളും നടപടി ക്രമങ്ങളും പാലിച്ചുകൊണ്ട്, കിൻഫ്ര അടച്ച റെസൊല്യൂഷൻ തുക ഉപയോഗിച്ചുകൊണ്ട്, പഴയ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ പ്രവർത്തിച്ചിരുന്ന (നേരിട്ടും അല്ലാതെയും) ജീവനക്കാരുടെ ആനുകൂല്യങ്ങളും കുടിശ്ശിക തുകയും ബഹുമാനപ്പെട്ട കോടതി നിയമിച്ച റെസൊല്യൂഷൻ പ്രൊഫഷണൽ സമർപ്പിച്ച കണക്കുകളുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യുകയാണുണ്ടായത്.<br><br>ആയതിനാൽ ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിൽ പ്രവർത്തിച്ചിരുന്ന സി.എൽ.ആർ തൊഴിലാളികളുടെ ആനുകൂല്യങ്ങളൊന്നും തന്നെ കിൻഫ്ര പിടിച്ചു വെച്ചിട്ടില്ലാത്തതിനാൽ കൊടുത്തു തീർക്കാനുമില്ല. |
| (ബി) | വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത ശേഷം എത്ര ജീവനക്കാരെ പുനർനിയമിച്ചു എന്ന് വ്യക്തമാക്കാമോ; ഇവർക്ക് കിട്ടാനുള്ള | (ബി) | വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി കേരള സർക്കാർ ഏറ്റെടുത്ത് പുനരുദ്ധരിച്ചു കേരള പേപ്പർ പ്രോഡക്ട്സ് എന്ന പേരിൽ പ്രവർത്തനം ആരംഭിക്കുന്നതിന്റെ |

| | | | |
|---|---|---|---|
| | ആനുകൂല്യങ്ങൾ മുഴുവനും നൽകി കഴിഞ്ഞോ വ്യകതമാക്കുമോ ; | | ഭാഗമായി ന്യൂസ് പ്രിന്റ് വ്യവസായത്തിൽ പ്രവർത്തന പരിചയമുള്ള 250 ജീവനക്കാരെ പുതിയ നിയമന നടപടികളിലൂടെ ഹ്രസ്വ കാലത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമിക്കുകയുണ്ടായി. കരാറടിസ്ഥാനത്തിൽ, പുതിയതായി നിയമിക്കപ്പെട്ട ജീവനക്കാരുടെ കിട്ടാനുള്ളതായി പറയപ്പെടുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച് കേരള സർക്കാരിന് ഒരു ബാധ്യതയും ഉള്ളതായി കാണുന്നില്ല. |
| (സി) | ശ്രീ. വി. എസ്സ്. വിശ്വംഭരൻ, തണ്ണിപ്പള്ളീൽ വീട്, ഇറുമ്പയം പി.ഒ, തലയോലപ്പറമ്പ്, വൈക്കം, കോട്ടയം എന്ന അപേക്ഷകൻ ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല എന്നുകാണിച്ച് ബഹു. വ്യവസായ വകുപ്പ മന്ത്രിക്ക് IN 210900299 തീയതി 31/8/2021 ൽ നൽകിയ പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ; | (സി) | പഴയ തൊഴിലാളികൾക്ക് ലഭിക്കേണ്ടിയിരുന്ന ആനുകൂല്യങ്ങൾക്കായി ബഹുമാനപ്പെട്ട നാഷണൽ കമ്പനി ലോ ട്രിബ്യൂണൽ നിയമിച്ച റെസൊല്യൂഷൻ പ്രൊഫഷണൽ മുൻപാകെ നിശ്ചിത സമയ പരിധിക്കുള്ളിൽ അപേക്ഷ (Form D) സമർപ്പിക്കേണ്ടതായിരുന്നു. നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിച്ച എല്ലാ അപേക്ഷകളും റെസൊല്യൂഷൻ പ്രൊഫെഷണൽ പരിഗണിച്ചു. ശ്രീ. വി. എസ് വിശ്വംഭരൻ, തണ്ണിപ്പള്ളിൽ വീട്, ഇറുമ്പയം പി.ഓ, തലയോലപ്പറമ്പ്, വൈക്കം, കോട്ടയം എന്നയാളുടെ അപേക്ഷ നിശ്ചിത സമയ പരിധിക്കുള്ളിൽ ലഭിച്ചില്ല എന്നും, ആയതിനാൽ പരിഗണിക്കുവാൻ സാധിക്കുകയില്ല എന്നുമാണ് റെസൊല്യൂഷൻ പ്രൊഫഷണൽ അറിയിച്ചത്. ശ്രീ. വി. എസ്. വിശ്വംഭരന്റെ പരാതി കിൻഫ്ര മാനേജിംഗ് ഡയറക്ടർക്ക് നൽകുകയും മേൽ പ്രസ്താവിച്ച പ്രകാരം കിൻഫ്രയിൽ നിന്നും അപേക്ഷകന് മറുപടി നൽകുകയും ചെയ്തു. ശ്രീ. വി. എസ് വിശ്വംഭരൻ ബഹു. വ്യവസായ വകുപ്പ മന്ത്രിക്ക് 31/8/2021 ൽ നൽകിയ IN 210900299 നമ്പർ പരാതി റിപ്പോർട്ടിനായി കിൻഫ്ര മാനേജിംഗ് ഡയറക്ടർക്കും കെ.പി.പി.എൽ. സ്പെഷ്യൽ ഓഫീസർക്കും നൽകിയിട്ടുണ്ട്. |
| (ഡി) | വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത ശേഷം അതിന്റെ ഇപ്പോഴത്തെ പ്രവർത്തനം വിശദീകരിക്കാമോ; കമ്പനിയുടെ പേപ്പർ പ്രോഡക്ട്സ് ഉൽപ്പാദനം ഏതു രീതിയിൽ നടക്കുന്നു; ഇതിന്റെ മാർക്കറ്റിംഗ് ഏതു രീതിയിൽ നടത്താൻ ഉദ്ദേശിക്കുന്നു എന്ന് വിശദീകരിക്കാമോ? | (ഡി) | വെള്ളൂർ ന്യൂസ് പ്രിന്റ് ഫാക്ടറി സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (കെ.പി.പി.എൽ) എന്ന പേരിൽ തുറന്നു പ്രവർത്തിച്ച് പുനരുദ്ധാരണ പ്രവർത്തനങ്ങൾ രണ്ടു ഘട്ടമായി വിജയകരമായി പൂർത്തീകരിച്ചു കഴിഞ്ഞു.<br><br>2022 നവംബർ മാസം 1- ാം തീയതി വാണിജ്യ അടിസ്ഥാനത്തിൽ ഉല്പാദനം ആരംഭിക്കുകയും കർശന ഗുണനിലവാരവും ഉല്പാദനതോതും കൈവരിക്കുന്നതിനുള്ള നിയന്ത്രിത പ്രവർത്തനങ്ങൾ 2022 ഡിസംബറോടുകൂടി പൂർത്തീകരിക്കുന്നതോടെ പൂർണ്ണ തോതിലുള്ള വാണിജ്യ ഉല്പാദനത്തിലേക്കും വിപണനത്തിലേക്കും കെ.പി.പി.എൽ പ്രവേശിക്കുന്നതാണ്. |

| | | | |
|---|---|---|---|
| | | | മത്സരാധിഷ്ഠിതമായി പ്രവർത്തിക്കേണ്ട കമ്പനിയായതിനാൽ സന്ദർഭാനുസരണം മാർക്കറ്റിംഗ് തന്ത്രങ്ങൾ രൂപീകരിച്ച് ബോർഡിന്റെ അംഗീകാരത്തോടെ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ